ഉത്തരം

(എ) വെള്ളപ്പൊക്കത്തെക്കുറിച്ച് അന്വേഷിക്കാൻ സംസ്ഥാനം സന്ദർശിച്ച സംഘത്തിന് നൽകിയ നിവേദനത്തിൽ, നാഷണൽ ഹൈവേ ഉൾപ്പെടെ സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളും പാലങ്ങളും നന്നാക്കുന്നതിന് 1123.5 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നു. ഇതിൽ പഞ്ചായത്ത് റോഡുകൾക്കുണ്ടായ നാശനഷ്ടങ്ങൾ ഉൾപ്പെടുന്നില്ല.

(ബി) റോഡ്, പാലം എന്നിങ്ങനെ പ്രത്യേകം തരം തിരിച്ചല്ല തുക അനുവദിച്ചിട്ടുള്ളത്. സംസ്ഥാന ഗവൺമെൻറ് മെയിൻറനൻസു പണികൾ നടത്തേണ്ട നഗരങ്ങൾക്കുള്ളിലെ നാഷണൽ ഹൈവേ ഭാഗങ്ങൾക്ക് 50 ലക്ഷം രൂപ ഉൾപ്പെടെ 310 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചു. വില്ലേജ് റോഡുകളിലെ കേടുപാടുകൾ തീർക്കുന്നതിന് ഒരു കോടി രൂപ അനുവദിക്കുകയുണ്ടായി.

നഗരാതിർത്തിക്കു വെളിയിലുള്ള നാഷണൽ ഹൈവേ ഭാഗങ്ങൾക്കുണ്ടായ പുതിയ കേടുപാടുകൾ തീർക്കാൻ 22 ലക്ഷം രൂപ അനുവദിച്ചു.

പൊതുമരാമത്തു പണികൾ ലേബർ കോൺട്രാക്ടറ് സൊസൈറ്റികൾക്കു നൽകുന്നില്ല എന്ന പരാതി

712 [1040] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പണികൾ ലേബർ കോൺട്രാക്ടറ് സൊസൈറ്റികൾക്ക് നൽകുന്നില്ല എന്നും അവ സ്വകാര്യ കോൺട്രാക്ടറർമാർക്കാണ് നൽകാറുള്ളത് എന്നുമുള്ള പരാതികൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) സഹകരണ സംഘങ്ങളെ ഈ രംഗത്തു നിന്നും ഒഴിവാക്കാനുള്ള സംഘടിത നീക്കങ്ങൾ ആണ് ഇതിന്റെ പിന്നിലുള്ളത് എന്ന യാഥാർത്ഥ്യം കണക്കിലെടുത്തു ഈ ഫീൽഡിൽ സംഘങ്ങൾക്ക് പിടിച്ചു നിൽക്കാൻ വേണ്ട അനുകൂല നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സഹകരണ സംഘങ്ങൾ മുന്നോട്ടു വന്നാൽ അർഹമായ പരിഗണന നൽകുന്നതാണ്.

മുറിഞ്ഞപുഴ—മതംപാ റോഡിന്റെ പണി

713 [1041] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ഡിവിഷനിൽ മുറിഞ്ഞ പുഴ — മതംപാ റോഡിന്റെ പണിക്ക് ഗവൺമെൻറ് മുൻഗണന നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly